**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2802** **06-10-2025 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിലെ കളക്ഷൻ ജീവനക്കാരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചുകൊണ്ടുള്ള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം ഓരോ ജില്ലാ സഹകരണ ബാങ്കിന്റെയും അന്നുവരെയുള്ള ആസ്തി / ബാധ്യതകൾ ഏറ്റെടുത്ത് സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലാ സഹകരണ ബാങ്കിലെയും കളക്ഷൻ ജീവനക്കാരുടെ അവസ്ഥ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. ലയന സമയത്ത് ഓരോ ജില്ലാ സഹകരണ ബാങ്കിലും നിലവിലുണ്ടായിരുന്ന എല്ലാ കളക്ഷൻ ഏജന്റുമാരേയും കേരള ബാങ്കിൽ തുടരുന്നതിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | കേരള ബാങ്ക് മികച്ച വിവര സാങ്കേതിക മികവോടെ ഇടപാടുകാർക്ക് ഓൺലൈൻ ബാങ്കിങ്ങ് സൗകര്യം ലഭ്യമാക്കിയപ്പോൾ കേരള ബാങ്കിൽ നിലവിലുള്ള നിക്ഷേപ/വായ്പ കളക്ഷൻ ജീവനക്കാർക്ക് തൊഴിൽ നഷ്ടവും വരുമാന നഷ്ടവും ഉണ്ടായിരിക്കുന്നത് ബാങ്കിന്റെയോ സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരള ബാങ്കിന്റെ പ്രഖ്യാപിത ലക്ഷ്യം എല്ലാ വിഭാഗം ജനങ്ങൾക്കും സഹകരണ മേഖലയിലൂടെ ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുക എന്നുള്ളതാണ്. ആയത് പ്രകാരം ബാങ്ക് എല്ലാവിധ ഡിജിറ്റൽ സാങ്കേതിക സംവിധാനങ്ങളും നടപ്പിലാക്കി യിട്ടുണ്ട്. ടി സൗകര്യങ്ങൾ നടപ്പിലാക്കുമ്പോൾ നിലവിലുള്ള നിക്ഷേപ/ വായ്പാ കളക്ഷൻ ജീവനക്കാർക്ക് തൊഴിൽ നഷ്ടവും, വരുമാന നഷ്ടവും ഉണ്ടാകാതിരിക്കുന്നതിനായി KB Vyapar mithra daily, KB Vyapar mithra INST daily, KB Vyapar Mithra Plus daily, KB Vyapar mithra INST plus daily എന്നീ നിത്യപിരിവ് വായ്പ പദ്ധതികളും പുതിയ ദിന നിക്ഷേപ സ്കീമുകളും ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ബാങ്കിംഗ് സേവനങ്ങളുടെ ഡിജിറ്റിലൈസേഷന്റെ ഭാഗമായി കളക്ഷൻ ഏജന്റുമാർക്ക് കളക്ഷൻ എടുക്കുന്നതിലേക്കായി മൈക്രോ എ.ടി.എം. വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പത്ത് വർഷം മുതൽ നാല്പത് വർഷത്തിലധികം സേവന കാലാവധിയുള്ള പ്രസ്തുത ജീവനക്കാർക്ക് ഉദ്യോഗ കയറ്റം/ ഗ്രേഡ് എന്നിവ അനുവദിച്ചു നൽകുന്നതിൽ എന്തെങ്കിലും നിയമ തടസ്സമുണ്ടോ; വിശദമാക്കുമോ; | (സി) | കേരള ബാങ്കിൽ സ്ഥിരം ജീവനക്കാർക്ക് പ്രൊമോഷൻ അനുവദിക്കുന്നത് ബാങ്കിന്റെ അംഗീകൃത റിക്രൂട്ട്മെന്റ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വിഭാഗം ജീവനക്കാർക്കുവേണ്ടി കേരള ബാങ്ക് ഏതെങ്കിലും പാക്കേജ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | ഇക്കാര്യം സംബന്ധിച്ച് ബഹു കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) No.40297/2022 നിലവിൽ കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ